LIBRARY ARCHIVES Kerala Legislative Assembly

ദേശീയ സന്നാദ്ധ പദ്ധതി

11 [1841] *ശ്രീ. ടി. പി. രാമകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സന്നാദ്ധ പദ്ധതിയിൽ മഹിളാപ്രധാൻ ഏജന്റുമാരല്ലാതെ തുക സമാഹരിക്കുന്ന മറ്റു മാർഗങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) 2004-05 വർഷത്തിൽ സംസ്ഥാനത്ത് സമാഹരിച്ച തുക എത്രയെന്നും, അതിൽ മഹിളാപ്രധാൻ ഏജന്റുമാർ മുഖേന സമാഹരിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) എസ്. എ. എസ്. (SAS) ഏജൻസി പി. പി. എഫ്. (PPF) പേ റോൾ സേവിംഗ്സ് സ്കീം, (PRSS) സ്കൂൾ സഞ്ജയിക എന്നിവയാണ് ദേശീയ സന്നാദ്ധ പദ്ധതിയിൽ മഹിളാപ്രധാൻ ഏജന്റുമാരല്ലാതെ തുക സമാഹരിക്കുന്നതിനുള്ള മറ്റു മാർഗങ്ങൾ.

(ബി) 2004-05 വർഷത്തിൽ സംസ്ഥാനത്ത് 3207.72 കോടി രൂപ (മിച്ച നിക്ഷേപം) യാണ് നാഷണൽ സേവിംഗ്സ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനം സമാഹരിച്ചത്. ഇതിൽ മഹിളാപ്രധാൻ ഏജന്റുമാരുടെ സമാഹരണം 372 കോടി രൂപ (11.60%) മാത്രമാണ്.

വാറ്റ് നടപ്പിലാക്കുന്നതുമൂലം ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള നേട്ടങ്ങൾ

12 [1842] *ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:*
" *എ. കെ. ബാലൻ:*
" *എ. സി. മൊയ്തീൻ:*
" *പി. സി. ജോർജ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാറ്റ് നടപ്പിലാക്കിയശേഷം നികുതി ഘടനയിൽ എന്തൊക്കെ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്ന് പറയാമോ;

(ബി) വിൽപ്പന നികുതി വകുപ്പിലെ ജീവനക്കാർക്ക് വാറ്റ് നടപ്പാക്കുന്നത് സംബന്ധമായി നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ എന്തൊക്കെയാണ്;

(ബി) വാറ്റ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് വ്യാപാരികളുമായി സർക്കാർ ഉണ്ടാക്കിയിട്ടുള്ള കരാറുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വാറ്റ് നടപ്പിലാക്കിയശേഷം ഒരു ഉൽപ്പന്നത്തിന്റെ ഉൽപ്പാദന ഘട്ടം മുതൽ വിൽപ്പന ഘട്ടം വരെയുള്ള മൂല്യ വർദ്ധനവിന്മേൽ നികുതി ഈടാക്കുന്നു. മൂല്യവർദ്ധിത നികുതി നിയമത്തിൽ വാങ്ങൽ ഘട്ടത്തിൽ നൽകിയ നികുതി വിൽപ്പന ഘട്ടത്തിൽ നൽകേണ്ട നികുതിയിൽ നിന്ന് കിഴിവ് ചെയ്യുവാൻ വ്യവസ്ഥയുള്ളതിനാൽ മൊത്തുവെ നികുതി ഭാരം കുറയുന്നതാണ്. ഈ സമ്പ്രദായ പ്രകാരം നികുതി സ്വയം നിർണ്ണയിക്കുന്നതിന് വ്യാപാരികളെ അനുവദിച്ചിട്ടുണ്ട്. മൂല്യ വർദ്ധിത നികുതി പ്രകാരം ഒരു ശതമാനം, നാല് ശതമാനം, പന്ത്രണ്ടര ശതമാനം എന്നീ മൂന്ന് നിരക്കുകൾ മാത്രമേയുള്ളൂ എന്നതിനാൽ നികുതി നിരക്കിനെ സംബന്ധിച്ചുള്ള തർക്കങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. വ്യവസായ ആവശ്യങ്ങൾക്കുള്ള അസംസ്കൃത വസ്തുക്കൾക്ക് നാല് ശതമാനമാണ് നികുതി നിരക്ക്. ഉൽപ്പന്നങ്ങൾ വിൽക്കുമ്പോൾ അസംസ്കൃത വസ്തുക്കൾ വാങ്ങിയ അവസരത്തിൽ നൽകിയ നികുതിക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കും. മൂല്യവർദ്ധിത നികുതി നിയമ പ്രകാരം യാതൊരുവിധ നികുതി ഒഴിവുകളോ ഇളവുകളോ അനുവദനീയമല്ല.

(ബി) മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുമ്പോൾ വ്യാപാരികൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകളും സംശയങ്ങളും പരിഹരിക്കുന്നതിലേക്കായി വാണിജ്യ നികുതി കമ്മീഷണറുടെ ആഫീസിലും എല്ലാ ജില്ലകളിലേയും ഡെപ്യൂട്ടി കമ്മീഷണർമാരുടെ ആഫീസുകളിലും വാറ്റ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. വിൽപ്പന നികുതി നിയമപ്രകാരം രജിസ്ട്രേഷൻ നിലവിലുള്ള വ്യാപാരികൾക്ക് മൂല്യവർദ്ധിത നികുതി നിയമത്തിൽ രജിസ്ട്രേഷൻ നൽകുന്നതിന് യാതൊരുവിധ സെക്യൂരിറ്റിയും നൽകേണ്ടതില്ല, അനുമാന നികുതി സമ്പ്രദായം സ്വീകരിക്കുന്ന വ്യാപാരികൾക്ക് രജിസ്ട്രേഷൻ എടുക്കുന്നതിനുള്ള വ്യവസ്ഥകൾ ലളിതമാണ്. മൂല്യവർദ്ധിത നികുതി നിയമം സുഗമമായി നടപ്പാക്കുന്നതിനും നികുതി പിരിവ് ഊർജ്ജിതമാക്കുന്നതിനും വ്യാപാരികൾക്ക് യാതൊരുവിധ ബുദ്ധിമുട്ടുകൾക്കും ഇടവരുത്താതുമാണ് തുടങ്ങിയ നിർദ്ദേശങ്ങൾ ജീവനക്കാർക്ക് വകുപ്പുതലത്തിൽ നൽകിയിട്ടുണ്ട്.

(സി) മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് വ്യാപാരികളുമായി സർക്കാർ കരാറൊന്നും ഉണ്ടാക്കിയിട്ടില്ല. എന്നാൽ പുതിയ സമ്പ്രദായം സുഗമമായി നടപ്പാക്കുന്നതിനും, വ്യാപാരികളുടെയും വ്യവസായികളുടെയും സംശയങ്ങൾ നിവാരണം ചെയ്യുന്നതിനുമായി അവരുമായി ആശയവിനിമയം നടത്താറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly